വാല്യം: 6 ലക്കം: 1
മാർച്ച് 2017

MALABAR CANCER CENTRE
THALASSERY

# അഭയം

മലബാർ കാൻസർ സെന്റർ വാർത്താപത്രിക



## മലബാർ കാൻസർ സെന്റർ
തലശ്ശേരി, കണ്ണൂർ

## മുന്നുര



*ബാംഗ്ലൂരിൽ നിന്നോ മറ്റോ ആണ് സുവിശേഷ പ്രാസംഗികൻ വന്നത്. അവർ പറഞ്ഞു, 'കർത്താവ് ഇന്നലെ രാത്രി സ്വപ്നത്തിൽ വന്ന് ഞങ്ങളോട് പറഞ്ഞു ഇന്നസെന്റിന്റെ അടുത്ത് വന്ന് അദ്ദേഹത്തിന് വേണ്ടി പ്രാർത്ഥിക്കാൻ'.*

*'ഇന്നലെ രാത്രി എത്ര മണിക്കാണ് കർത്താവ് നിങ്ങളുടെ വീട്ടിൽ എത്തിയത്. ഞാൻ ചോദിച്ചു.*

*ഒരു പതിനൊന്നര പന്ത്രണ്ടായിക്കാണും. അവർ പറഞ്ഞു.*

*അതിന് വഴിയില്ലല്ലോ, രാത്രി പന്ത്രണ്ടര വരെ കർത്താവ് ഇവടെണ്ടായിരുന്നു.*

*(കാൻസർ വാർഡിലെ ചിരി)*

ഇന്നസെന്റിനെ പോലെ എല്ലാത്തിലും നർമ്മം കണ്ടെത്താൻ നമുക്ക് സാധിക്കില്ല. പക്ഷേ അദ്ദേഹത്തിന്റെ രോഗത്തോടുള്ള സമീപനം നമുക്ക് ഒരു പാഠമാണ്. കാൻസർ രോഗത്തെ അതിജീവിക്കേണ്ടത് മരുന്നിലൂടെ മാത്രമല്ല മനസ്സുകൊണ്ടുകൂടിയാണെന്ന് അദ്ദേഹം പറഞ്ഞുതരുന്നു. അത് സത്യമാണുതാനും.

രോഗികളുടെ മാനസികാരോഗ്യം ചികിത്സയെ സ്വാധീനിക്കാമെന്നവിലയിരുത്തലിലാണ് രോഗികൾക്കായി ഒരു ലൈബ്രറി എന്ന ആശയം നടപ്പിലാക്കിയത്. വായനയിലൂടെ മനസ്സിനെ ജയിക്കുക എന്ന ഉദ്ദേശമാണിതിനു പിന്നിൽ. ഈ ആശയം ചർച്ചചെയ്യുന്ന ലേഖനമാണ് ഇത്തവണത്തെ  ആലേഖനത്തിൽ ഒന്ന്.

അർബുദത്തിന്റെ ആദ്യഘട്ടത്തിൽ തന്നെ കണ്ടുപിടിക്കാൻ സഹായിക്കുന്ന കാൻസർ സ്ക്രീനിങ്ങ് ടെസ്റ്റുകൾ പശ്ചാത്യ രാജ്യങ്ങളിൽ വ്യാപകമാണ്. എന്നാൽ ഇന്ത്യയിലെ സ്ഥിതിവിവരകണക്കുകൾ നൽകുന്ന ചിത്രം വ്യത്യസ്തമാണ്.

ഈ സാഹചര്യം മനസ്സിലാക്കിയാണ് മലബാർ കാൻസർ സെന്ററും നീലേശ്വരം ബ്ലോക്ക് പഞ്ചായത്തും ചേർന്ന് അതിജീവനം എന്ന പേരിൽ സമഗ്ര കാൻസർ നിയന്ത്രണ പ്രതിരോധ പദ്ധതിക്ക് രൂപം നൽകിയത്.

പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് തലത്തിൽ തന്നെ അർബുദം സ്ഥിരീകരിക്കാൻ അർബുദ നിർണ്ണയ ക്ലിനിക്കുകൾ, ജീവിത ശൈലി പഠനം, കമ്മ്യൂണിറ്റി കാൻസർ രജിസ്ട്രി, ഇ-പാലിയേറ്റീവ് കെയർ, ചികിത്സാ ധനസഹായ മാർഗ്ഗനിർദ്ദേശങ്ങൾ, രോഗ വിമുക്തരുടെ പുനരധിവാസം തുടങ്ങിയവയാണ് അതിജീവനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

കാൻസർ സ്ക്രീനിംഗ് ക്യാമ്പുകൾ, ബോധവത്കരണം, പ്രതിരോധം, എന്നിങ്ങനെ വിവിധ തലങ്ങളിലൂന്നിയുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. അതിജീവനത്തെക്കുറിച്ചുള്ള ഒരു ലേഖനവും ഈ ലക്കത്തിൽ ചേർത്തിരിക്കുന്നു.

സാങ്കേതിക വിദ്യയുടെ പുരോഗതി അർബുദ ചികിത്സയിൽ ഗണ്യമായ മാറ്റം വരുത്തിയിട്ടുണ്ട്. പുത്തൻ സാങ്കേതിക വിദ്യയുടെ ഉപയോഗം കാൻസർ ചികിത്സയിൽ എന്ന ആശയത്തെ മുൻ നിർത്തി ടെക്നോസ്കാൻ -17 എന്ന പേരിൽ മാർച്ച് 17-18 തീയ്യതികളിൽ ഒരു കോൺഫറൻസ് നടത്തുകയുണ്ടായി.

ലോക അർബുദ ദിനം, പാലിയേറ്റീവ് കെയർ ഡേ, എന്നീ ദിനങ്ങൾ വിവിധ പരിപാടികളാൽ ആചരിച്ചു.

പൊതു സേവന രംഗത്തെ നൂതനാശയാവിഷ്കാരകത്തിനുള്ള മുഖ്യ മന്ത്രിയുടെ അവാർഡ് മലബാർ കാൻസർ സെന്ററിന് ലഭിച്ചതിന്റെ ആഹ്ളാദം പങ്കുവെയ്ക്കുന്നു. അതോടൊപ്പം തന്നെ സ്തുത്യർഹ സേവനത്തിനുള്ള ജില്ലാ കളക്ടറുടെ അവാർഡും എം.സി.സിക്ക് ലഭിച്ചുവെന്നതും സന്തോഷത്തിന് വകനൽകുന്നു.

**ഡോ. സതീശൻ ബാലസുബ്രഹ്മണ്യൻ**

# പൊതു സേവന രംഗത്തെ നൂതന ആശയാവിഷ്കാരത്തിനുള്ള മുഖ്യമന്ത്രിയുടെ അവാർഡ് മലബാർ കാൻസർ സെന്ററിന്



പൊതു സേവന രംഗത്തെ നൂതന ആശയാവിഷ്കാരത്തിനുള്ള മുഖ്യമന്ത്രിയുടെ അവാർഡ് മലബാർ കാൻസർ സെന്ററിന് ലഭിച്ചു. പേഴ്സണൽ മാനേജ്മെന്റ് വിഭാഗത്തിലാണ് 5 ലക്ഷം രൂപയും പ്രശാസാപത്രവും ഫലകവുമടങ്ങുന്ന അവാർഡ് ലഭിച്ചത്. 2017 ഫിബ്രവരി 13 ന് സെക്രട്ടറിയേറ്റിലെ ഡർബാർ ഹാളിൽ വച്ച് നടന്ന ചടങ്ങിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ അവർകൾ അവാർഡുകൾ വിതരണം ചെയ്തു. ബഹു.ചീഫ് സെക്രട്ടറി ശ്രീമതി.അരുണാ സുന്ദരരാജൻ ആശംസകളർപ്പിച്ച് സംസാരിച്ചു. സർക്കാർ പൊതുജന സേവന രംഗത്ത് നൂതന ആശയാവിഷ്കാരങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി പേഴ്സണൽ മാനേജ്മെന്റ്, പബ്ലിക് സർവ്വീസ് ഡെലിവറി, ഡവലപ്മെന്റ് ഇന്റർവെൻഷൻ, പ്രൊസീജിയറൽ ഇന്റർവെൻഷൻ എന്നീ നാല് വിഭാഗങ്ങളിലായാണ് വർഷം തോറും അവർഡുകൾ സമ്മാനിക്കുന്നത്.

ജീവനക്കാരുടെ നിയമന നടപടികളിൽ വ്യക്തമായ നയങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്തതാണ് അവാർഡിന് പരിഗണനാർഹമായത്. ഡോക്ടർമാർ, എഞ്ചിനിയർമാർ, നഴ്സസ്, പാരാമെഡിക്കൽ ജീവനക്കാർ, സാങ്കേതിക ജീവനക്കാർ തുടങ്ങി എല്ലാ വിഭാഗം ജീവനക്കാരുടേയും നിയമന നടപടികൾക്കായി വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. മികച്ച ഉദ്യോഗാർത്ഥികളെ മാത്രം ഉൾപ്പെടുത്തിയാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത്. കൂടാതെ ഓൺ ലൈൻ അപേക്ഷാ സംവിധാനം, ഓൺ ലൈൻ പരീക്ഷാ തുടങ്ങി നൂതന സങ്കേതങ്ങളും ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരം നടപടികൾ തെറ്റുകൾ കുറയ്ക്കുകയും പരിപൂർണ്ണ സുതാര്യത ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്. എഴുത്ത് പരീക്ഷ/ഓൺ ലൈൻ പരീക്ഷ അഭിമുഖം, എന്നിവ കൃത്യമായ മാനദണ്ഢങ്ങൾക്കനുസൃതമായി നടത്തിയാണ് നിയമനങ്ങൾ. താത്കാലിക, പ്രൊജക്ട് നിയമനങ്ങളിലും ഇത്തരം മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നു. കഴിവും പ്രവർത്തന മികവുമുള്ള ജീവനക്കാരെ തിരഞ്ഞെടുക്കുന്നതിന് ഇത് വളരെയേറെ സഹായിച്ചിട്ടുണ്ട്. കൂടാതെ ജീവനക്കാർക്ക് മികച്ച പരിശീലനം ഉറപ്പുവരുത്തുവാനും ശരിയായ വിലയിരുത്തലുകൾ നടത്തുവാനും വ്യക്തമായ നയങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും നടപ്പിലാക്കിയിട്ടുണ്ട്. ഭരണനിർവ്വഹണപ്രവർത്തനങ്ങളിൽ ജീവനക്കാരുടെ മികച്ച പങ്കാളിത്തം സ്ഥാപനത്തിന്റെ വളർച്ചയ്ക്ക് താങ്ങും തണലുമാകുന്നു. ഡയറക്ടർ ബി.സതീശന്റെ മാർഗ്ഗനിർദ്ദേശത്തിനനുസരിച്ച് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ശ്രീ. രാജേഷ് എ.കെയുടെ നേതൃത്വത്തിൽ ചിട്ടയോടും സുതാര്യതയോടും കൂടി നിയമനനടപടികൾ എം.സി.സിയിൽ നടത്തിവരുന്നു.

# അംഗീകാരത്തിന്റെ നിറവിൽ ഡോ.സൈനയും എം.സി.സി കാൻസർ രജിസ്ട്രിയും



റിപ്പബ്ലിക്ക് ദിനത്തോടനുബന്ധിച്ച് പ്രഖ്യാപിച്ച ജില്ലയിൽ സ്തുത്യർഹ സേവനം കാഴ്ചവച്ചവർക്കുള്ള ജില്ലാ കളക്ടറുടെ മെഡൽ മലബാർ കാൻസർ സെന്ററിലെ കാൻസർ രജിസ്ട്രി വിഭാഗം മേധാവി ഡോ. സൈന സുനിൽ കുമാറിന് ലഭിച്ചത് അർഹതയ്ക്കുള്ള അംഗീകാരമായി. അവാർഡ് കാൻസർ രജിസ്ട്രി വിഭാഗത്തിലെ മുഴുവൻ ജീവനക്കാരുടേയും പ്രയത്നത്തിനുള്ള അംഗീകാരമണെന്ന് ഡോ. സൈന സുനിൽ കുമാർ പറഞ്ഞു.

അർബുദ രോഗികളുടെ രോഗ വിവരങ്ങൾ ശേഖരിച്ച് അപഗ്രഥിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കുകയും ഗവേഷണത്തിനും നയരൂപീകരണത്തിനും ഉപയോഗപ്രദമാക്കുകയും ചെയ്യുന്ന സംവിധാനമാണ് കാൻസർ രജിസ്ട്രി. ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ മാനദണ്ഡങ്ങൾക്കനുസൃതമായാണ് രജിസ്ട്രി പ്രവർത്തിക്കുന്നത്. രണ്ടുതരത്തിലുള്ള അർബുദ രജിസ്ട്രികളാണ് നിലവിലുള്ളത്. ആശുപത്രിയിലെത്തുന്ന രോഗികളുടേയും അവർ സ്വീകരിക്കുന്ന ചികിത്സാരീതികളുടേയും വിവരങ്ങൾ ശേഖരിച്ച് തയ്യാറാക്കുന്ന ആശുപത്രി അധിഷ്ഠിത അർബുദ രജിസ്ട്രിയും ഒരു പ്രത്യേക ഭൂപ്രദേശത്തെ അർബുദ ബാധിതരുടെ വിവരങ്ങൾ ശേഖരിച്ച് അപഗ്രഥനം നടത്തി തയ്യാറാക്കുന്ന ജനസംഖ്യാധിഷ്ഠിത അർബുദ രജിസ്ട്രിയും.

മലബാർ കാൻസർ സെന്റർ ഡയറക്ടർ ഡോ. ബി.സതീശന്റെ മേൽനോട്ടത്തിൽ 2010 ലാണ് ഡോ. സൈനയുടെ നേതൃത്വത്തിൽ ആശുപത്രി അധിഷ്ഠിത അർബുദ രജിസ്ട്രി തുടങ്ങിയത്. രജിസ്ട്രിയുടെ പ്രവർത്തനത്തിന് ആവശ്യത്തിനുള്ള ജീവനക്കാർ ഇല്ലാതിരുന്നിട്ടുപോലും ഡോ.സൈന പദ്ധതി നിശ്ചയ ദാർഢ്യത്തോടെ ഏറ്റെടുക്കുകയായിരുന്നു. ഡോ.സൈന ഉൾപ്പെടെ രണ്ടു ജീവനക്കാരുമായി തുടങ്ങിയ രജിസ്ട്രി ഇതിനോടകം നാല് വർഷത്തെ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനുള്ള അവസാന മിനുക്കു പണികളിലാണ്.

ചെറിയ ടീമിനെക്കൊണ്ട് മികച്ച റിസൾട്ട് ഉണ്ടാക്കിയെടുത്ത ഡോ.സൈനയുടെ പ്രവർത്തന മികവ് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ ഭാഗമായുള്ള നാഷണൽ കാൻസർ രജിസ്ട്രി പ്രോഗ്രാമിന്റെ പ്രശംസയും നേടിയിട്ടുണ്ട്.

കൂടാതെ എം.സിസി യിലെ സ്തനാർബുദ രോഗ വിമുക്തരുടെ സംഘടനയായ തേജസ്സിന്റെ കൺവീനറായും എം.സി.സി പേഷ്യന്റ് വെൽഫെയർ ഫണ്ടിന്റെ കൺവീനറായും ഡോ.സൈന പ്രവർത്തിക്കുന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് സ്തനാർബുദത്തെക്കുറിച്ചുള്ള പുസ്തകവും പ്രസിദ്ധീകരിച്ചിട്ടുണ്ട്.







12/03/2017 ന് ഓങ്കോളജി നഴ്സിംഗ് വിഭാഗത്തിന്റെ തുടർ വിദ്യാഭ്യാസത്തിന്റെ ഭാഗമായി സെമിനാർ ഹാളിൽ വച്ച് കീമോ തെറാപ്പിയെക്കുറിച്ച് ഒരു ക്ലാസ്സ് നടത്തുകയുണ്ടായി. പ്രസ്തുത പരിപാടിയിൽ നഴ്സിംഗ് മേഖലയിലെ വിവിധ വിഭാഗങ്ങളിൽ നിന്നായി 138 പേർ പങ്കെടുത്തു. നഴ്സിംഗ് സൂപ്രണ്ടിന്റെ സ്വാഗതപ്രസംഗത്തോടെ പരിപാടി ആരംഭിച്ചു. വിവിധ സെഷനുകളിലായി വിദഗ്ദർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു. വൈകിട്ട് 3ന് സർട്ടിഫിക്കറ്റ് വിതരണത്തോടെ പരിപാടി സമാപിച്ചു.



# ജനുവരി 15 പാലിയേറ്റീവ് കെയർ ഡേ

മാറാരോഗികളെയും കിടപ്പുരോഗികളെയും പരിചരിക്കേണ്ടത് സമൂഹത്തിന്റെ ബാധ്യതയാണെന്ന സന്ദേശം നൽകാനാണ് ജനുവരി 15ന് പാലിയേറ്റീവ് കെയർ ഡേ ആചരിക്കുന്നത്. 2017 ലെ പാലിയേറ്റീവ് കെയർ ഡേ എം.സി.സിയിൽ ആചരിച്ചത് പാലിയേറ്റീവ് മെഡിസിൻ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നഴ്സുമാർക്ക് വേണ്ടി ഒരു വർക്ക് ഷോപ്പ് സംഘടിപ്പിച്ചുകൊണ്ടാണ്. നഴ്സിംഗ് വിദ്യാർത്ഥികൾ, ക്ലിനിക്കൽ റിസർച്ച് അസിസ്റ്റന്റ്സ് എന്നിവരും വർക്ക്ഷോപ്പിൽ പങ്കെടുത്തു.

'ലിംഫെഡിമ കെയർ– അറിയേണ്ടതെല്ലാം' എന്ന വിഷയത്തിൽ സർജിക്കൽ ഓങ്കോളജി വിഭാഗത്തിലെ ഡോ.നിസാമുദ്ദീൻ ക്ലാസ്സെടുത്തു. ചർമ്മ സംരക്ഷണത്തിൽ സ്വീകരിക്കേണ്ട സാമാന്യതത്വങ്ങളെക്കുറിച്ച് പാലിയേറ്റീവ് മെഡിസിൻ വകുപ്പ് മേധാവി ഡോ. എം.എസ്. ബിജി വിശദീകരിച്ചു. തുടർന്ന് സിന്ധു എൻ.ആർ, ശ്രീജാ കുമാരി, സജിത.പി, അഭിന എസ്.എസ്, എന്നിവർ ചേർന്ന് മസാജ്, ബാൻഡേജിങ്ങ്, വ്യായാമം എന്നിവയുടെ പ്രായോഗിക രീതി അവതരിപ്പിച്ചു. വർക്ക് ഷോപ്പിൽ പങ്കെടുത്തവർക്ക് സർട്ടിഫിക്കറ്റിനൊപ്പം ശ്രീമതി.സിന്ധു.എൻ.ആർ തയ്യാറാക്കിയ ലിംഫെഡിമ കെയർ എന്ന കൈപ്പുസ്തകവും വിതരണം ചെയ്തു.

ഹരീഷ് ബാബു
അസിസ്റ്റന്റ് ലൈബ്രേറിയൻ

# അർബുദവും പുസ്തക ചികിത്സയും

വിരൽ തുമ്പിൽ ചലിക്കുന്ന ലോകം സൃഷ്ടിക്കുവാൻ സാധിക്കുന്ന ഈ കാലത്ത് പുസ്തക വായനയിൽ നിന്നും എന്താണ് കിട്ടാനുള്ളത്? ആർക്കാണ് പുസ്തകവായനയിൽ കമ്പം? ആർക്കുമൊന്നിനും സമയമില്ലാത്ത ഈ കാലത്ത് പുസ്തകങ്ങളിലെ കഥകൾ വായിക്കാൻ ആർക്കാണ് നേരം? മനുഷ്യന്റെ വളർച്ചയിൽ പുസ്തകങ്ങൾക്ക് ഒരു പങ്കുമില്ലായെന്ന് പരക്കെ കരുതുന്ന കാലഘട്ടത്തിൽ അർബുദ ചികിത്സയിൽ പുസ്തകങ്ങളുടെ ഇടപെടൽ സാധ്യമാണോ?

പുസ്തക ചികിത്സ എന്നൊന്നുണ്ടോ? അല്ലെങ്കിൽ എന്താണ് പുസ്തക ചികിത്സ-മനുഷ്യൻ സംഘം ചേർന്ന് ജീവിക്കുവാൻ തുടങ്ങിയ കാലം മുതലേ അവനിൽ കഥ കേൾക്കുവാനും കേൾപ്പിക്കുവാനും ഉള്ള താത്പര്യം ഉണ്ടായിരുന്നു. കണ്ടതും കേട്ടതും അനുഭവിച്ചതും, ആഗ്രഹിച്ചതും രുചിച്ചതും മണത്തതുമായ സ്വന്തം അനുഭവങ്ങളെ അവൻ കഥകളായി പകർന്നു.

ഒന്നാം ലോക മഹായുദ്ധകാലത്ത് യുദ്ധമുന്നണിയിലുണ്ടായിരുന്ന പട്ടാളക്കാരിൽ യുദ്ധശേഷം പലവിധ മാനസിക പ്രശ്നങ്ങളും കാണപ്പെട്ടു. അത് പരിഹരിക്കുവാൻ അവരോട് പുസ്തകങ്ങൾ വായിക്കുവാനാണ് നിർദ്ദേശിക്കപ്പെട്ടത്. ഇതിനെയാണ് ലോകത്തിലെ ആദ്യത്തെ പുസ്തക ചികിത്സയായി കണക്കാക്കുന്നത്. ഏതാണ്ട് ഇതേ സമയം തന്നെയാണ് (1916-ൽ), സാമുവൽ ക്രതേഴ്സ് ബിബ്ളിയോതെറാപ്പി (പുസ്തക ചികിത്സ) എന്ന വാക്ക് ആദ്യമായി ഉപയോഗിക്കുന്നതും.

## അർബുദം – അത് ഭൂതമല്ല

ആരോഗ്യവും ചിന്തകളുമായി ഏറ്റവും അടുത്ത് ബന്ധപ്പെട്ടിരിക്കുന്നു. ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള ചിന്തകൾ ഉണ്ടാവൂ. ആരോഗ്യമുള്ള ശരീരത്തിന് സ്വസ്ഥതയുള്ള മനസ്സുണ്ടാകണം. ഇതാണ് പുസ്തക ചികിത്സയിലെ അടിസ്ഥാന പാഠം. പുസ്തകം കൊണ്ട് ശരീരത്തെയല്ല മനസ്സിനെയാണ് ചികിത്സിക്കുന്നത്.

ലോകപ്രശസ്തങ്ങളായ പല കഥകളുടേയും പിന്നണി കഥകളിൽ ജീവിതത്തിന്റെ അപ്രതീക്ഷിതമായ വെല്ലുവിളികളെ ധീരമായി നേരിട്ടവരെ നമുക്ക് കാണാം. ഷഹറാസാദ് എന്ന മന്ത്രികുമാരി ഷഹരിയാസ് രാജാവിനെ കഥകളുടെ 1001 രാത്രികളിലൂടെ വിസ്മയ ഭരിതനാക്കുമ്പോൾ കഥയുടെ രസച്ചരടിനപ്പുറം മരണം അവളെ കാത്തിരിക്കുന്നുണ്ടായിരുന്നു.

മഹാഭാരത കഥയാവട്ടെ വ്യാസനും വിഘ്നേശ്വരനും തമ്മിൽ നടന്ന മത്സരവും. ഗണപതി നിറുത്താതെ എഴുതുവാൻ വ്യാസൻ കഥകളിൽ നിന്നും കഥകളിലേക്ക് വാക്കുകളെ അഴിച്ചുവിട്ടു. ഇതിൽ ഇല്ലാത്തത് ലോകത്ത് ഒരിടത്തും ഉണ്ടാവില്ല എന്നുപറയാനുള്ള ആത്മവിശ്വാസം ഇതിഹാസകാരനു ലഭിച്ചതു ഒരു പക്ഷേ ഈ മത്സരത്തിൽ നിന്നാവാം.

വിക്രമാദിത്യനുമുമ്പിൽ വേതാളം കഥയുമായി നിൽക്കുമ്പോൾ രാജാവിനതു ജീവിതത്തിന്റെയും മരണത്തിന്റെയും ചതുരംഗം കളിയായിരുന്നു. ഉത്തരം നൽകിയാൽ വേതാളം പറന്നുപോകും ഇല്ലെങ്കിൽ തന്റെ തല പൊട്ടിത്തെറിക്കും.

പ്രശസ്ത പത്രപ്രവർത്തക ലീലാ മേനോൻ തന്റെ ആത്മകഥയിൽ (നിലയ്ക്കാത്ത സിംഫണി) ഒരു അനുഭവം പറയുന്നുണ്ട്. കാൻസർ രോഗം നിർണ്ണയിക്കപ്പെട്ടു, അത്യധികം മാരകമായ സ്ഥിതിയിലാണ് വലിയ പ്രതീക്ഷകളില്ലാതെ റേഡിയേഷനും, കീമോതെറാപ്പിയുമായി ആശുപത്രിയിൽ കഴിയുന്ന ഒരു ദിവസം ആരോ പറയുന്നു മൂന്നാറിൽ നീലക്കുറിഞ്ഞി പൂത്തിരിക്കുന്നു. ഒരു പത്രപ്രവർത്തക ഏറ്റവും അധികം ആഗ്രഹിക്കുക അത് നേരിൽ കണ്ട് ഒരു ഫീച്ചർ തയ്യാറാക്കുക എന്നതായിരിക്കും. ആശുപത്രി മുറിയിൽ മരുന്നിന്റെ ലോകത്ത് കിടക്കുന്ന ആൾ എന്തു ചെയ്യും! അവർ ആ കിടപ്പിൽ മനസ്സിൽ ഉറപ്പിച്ചു, അടുത്ത തവണ നീലക്കുറിഞ്ഞി പൂക്കുമ്പോൾ താൻ അവിടെ പോകും. ഇനിയും 12 വർഷം കഴിഞ്ഞു താനവിടെ പോകും എന്നു ഉറപ്പിച്ചപ്പോൾ തന്നെ രോഗം അവരോടു തോറ്റു.

## പുസ്തക ചികിത്സ

ഏതുതരം ചികിത്സയിലും രോഗിയുടെ മാനസിക ആരോഗ്യം പ്രധാനമാണ്. കാൻസർ ചികിത്സയിൽ അതു സവിശേഷ സ്ഥാനം വഹിക്കുന്നു. ഒരു അർബുദ ചികിത്സാലയത്തിൽ മെഡിക്കൽ ലൈബ്രറിയെ കൂടാതെ ഒരു ജനറൽ ലൈബ്രറി കൂടി ഒരുക്കിയത് പുസ്തകം നടത്തുന്ന ഈ രാസ പ്രവർത്തനത്തിൽ വിശ്വസിച്ചാണ്. ശസ്ത്രക്രിയ, കീമോതെറാപ്പി, റേഡിയേഷൻ തുടങ്ങി വിവിധങ്ങളായുള്ള ചികിത്സാരീതികളിലൂടെ കടന്നുപോകുന്ന രോഗികൾക്ക് പുസ്തകം നൽകുന്ന സമാശ്വാസം ചെറുതല്ല.

കാൻസറിനെ ചിരിപ്പിച്ചുതോൽപ്പിച്ച മലയാളത്തിന്റെ പ്രിയ നടൻ ശ്രീ ഇന്നസെന്റ് എം.പി. അർബുദ ബാധിതർക്കായി നൽകിയതും ഒരു പുസ്തകം തന്നെ – ‘കാൻസർ വാർഡിലെ ചി



തി'.

പുസ്തക ചികിത്സയിൽ വായിക്കാൻ തിരഞ്ഞെടുക്കുന്ന പുസ്തകങ്ങളുടെ തിരഞ്ഞെടുപ്പിൽ പാളിച്ച സംഭവിച്ചാൽ പ്രതീക്ഷിച്ച ഫലം കിട്ടില്ലെന്ന് മാത്രമല്ല. വിപരീത ഫലം ഉണ്ടായെന്നും വരാം.

രോഗികളിൽ നല്ല വായനക്കാരുണ്ടാവാം, ചില പ്രത്യേക വിഷയങ്ങൾ മാത്രം വായിക്കുവാൻ ഇഷ്ടപ്പെടുന്നവരുണ്ടാകാം, മുൻപ് അധികം വായിച്ചിട്ടില്ലാത്തവരുണ്ടാകാം. ഇവരെ ഓരോരുത്തരേയും വെവ്വേറെ തന്നെ മനസ്സിലാക്കി വേണം പുസ്തകങ്ങൾ നിർദ്ദേശിക്കാൻ. വായന ഒരു ശീലമല്ലാത്ത ആൾക്ക് 'ഖസാക്കിന്റെ ഇതിഹാസം' വായിക്കുവാൻ നൽകിയാൽ അയാൾ വായനപോലും ഒരു പീഡനമായേ കരുതൂ.

ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, മെഡിക്കൽ സോഷ്യൽ വർക്കർ, ലൈബ്രേറിയൻ എന്നിവരുടെ സേവനം അനുയോജ്യമായ പുസ്തകങ്ങൾ തിരഞ്ഞെടുക്കാൻ രോഗികൾക്ക് സഹായകരമായേക്കാം. ഒരു രോഗിയുടെ മാനസിക നിലയും അഭിരുചികളും മനസ്സിലാക്കുവാൻ ക്ലിനിക്കൽ സൈക്കോളജിസ്റ്റിനും മെഡിക്കൽ സോഷ്യൽ വർക്കർക്കും സാധിക്കും. അവരുടെ നിഗമനങ്ങൾ ലൈബ്രേറിയനെ ആ രോഗിക്ക് ഏത് പുസ്തകം നൽകാം എന്ന തീരുമാനത്തിലെത്താൻ സഹായിക്കും

പുസ്തക ചികിത്സ ഇനിയും പഠനങ്ങൾ നടക്കേണ്ട ഒരു മേഖലയാണ്. എന്നിരുന്നാലും സമയം കൊല്ലിയായല്ല, മറിച്ച് ഏത് വിഷമത്തിലും ആശ്രയിക്കാവുന്ന ഒരുത്തമ സുഹൃത്തായാണ് ലോകം മുഴുവൻ പുസ്തകങ്ങളെ കാണുന്നത്. "Healing place of the soul" ചരിത്ര ഗവേഷകർ കണ്ടെത്തിയ തീബ്സിലെ ഒരു പുരാതന ലൈബ്രറിയുടെ പ്രവേശനകവാടത്തിൽ കൊത്തിവച്ചിരിക്കുന്ന ഒരു വാക്യമാണിത്. അതെ, ആത്മാവിന്റെ മുറിവുണക്കാൻ ഇവിടെ ഇങ്ങനെ ഒരിടം. വരൂ, നിങ്ങൾക്കായി അക്ഷരങ്ങളാൽ ജീവിതമെഴുതി അവർ കാത്തിരിക്കുന്നു.

**മലബാർ കാൻസർ സെന്ററിൽ കിടത്തി ചികിത്സയ്ക്ക് വിധേയരാകുന്ന ആളുകൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും ഇവിടുത്തെ ലൈബ്രറിയുടെ സേവനം ലഭ്യമാണ്. കേരള ലൈബ്രറി കൗൺസിലിന്റെയും തലശ്ശേരി മുനിസിപ്പാലിറ്റിയുടേയും സഹായ സഹകരണത്താൽ പ്രവർത്തിക്കുന്ന ലൈബ്രറിയിൽ ഒമ്പതിനായിരത്തിനു മേലെ പുസ്തകങ്ങളുണ്ട്. കൂടാതെ, മലയാളത്തിലെ പ്രമുഖ ആനുകാലികങ്ങളും ലൈബ്രറിയിൽ വരുത്തുന്നുണ്ട്.**

### സഹായകഗ്രന്ഥങ്ങൾ


1. Rizzolo, D., ZipP, G., Stiskal.,D., & Simpkins,S.(2009), Stress management strategies for students: The immediate effect of yoga, humor,and reading on stress, Journal of college Teaching & learning, 6(8),79-88.

2. Strunk, O.,(1972). Biblio therapy revisited, Journal of religion and health 11(3), 218-228

3. R., Wray, S., Maxwell, M., & Pratt. R.,(2008) The introduction of a healthy reading scheme for people with mental health problems, Usage and experiences of health professionals and library staff. Mental health in a family medicine. 5,219-228.

4. Pehrsson, D.,&McMillen, S.(2004) Biblio therapy for hospital patients. Journal of hospital librarianship 4(1), 73-81.

5.Jack,S.,&Ronan,K, (2008), Bibliotherapy; Practice and research. School psychology international 29(2), 161-182)

ആലേഖം

രഞ്ജിത്ത് എം.കെ
സിസ്റ്റം മാനേജർ

# 'അതിജീവനം': നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് സമഗ്ര അർബുദ പ്രതിരോധ നിയന്ത്രണ പദ്ധതി

അർബുദം അഥവാ കാൻസർ എന്നത് ഏവരും ഭീതിയോടെ നോക്കിക്കാണുന്ന രോഗാവസ്ഥയാണ്. രോഗം മൂലമുള്ള മരണസംഖ്യയിൽ അർബുദം ഒരു പ്രധാന ഘടകമാകുന്നു എന്നതാണ് ഇതിന് കാരണം. ഇന്ത്യയിൽ കാൻസർ ഒരു പ്രധാന പൊതുജനാരോഗ്യ പ്രശ്നമായിമാറിയിരിക്കുന്നു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കണ്ടുവരുന്നതും മരണത്തിന് കാരണമാകുന്നതുമായ മൂന്ന് അർബുദങ്ങളാണ് സ്തനാർബുദം, ഗർഭാശയ ഗളാർബുദം, വായിലുണ്ടാകുന്ന കാൻസർ എന്നിവ.

കാൻസർ ആരംഭത്തിൽ തന്നെ കണ്ടുപിടിക്കാൻ സഹായിക്കുന്ന കാൻസർ സ്ക്രീനിംഗ് ടെസ്റ്റുകൾ പാശ്ചാത്യ രാജ്യങ്ങളിൽ വ്യാപകമാണ്. എന്നാൽ ഇന്ത്യയിലെ സ്ഥിതിവിവരങ്ങൾ നൽകുന്ന ചിത്രം വ്യത്യസ്തമാണ്. ചില പഞ്ചായത്തുകളും സംഘടനകളും മുൻകൈയ്യെടുത്ത് നടത്തുന്ന രോഗ നിർണ്ണയ ക്യാമ്പുകൾ ഒഴിച്ചുനിർത്തിയാൽ ഇന്ത്യയിൽ വ്യക്തമായ അർബുദ സ്ക്രീനിങ്ങ് പദ്ധതികൾ ഇല്ല എന്നു തന്നെ പറയാം. കണ്ണൂർ ജില്ലാ പഞ്ചായത്ത് മുൻകൈയ്യെടുത്ത് നടപ്പാക്കിയ 'ആശ്വാസ്' പദ്ധതി സ്ക്രീനിങ്ങ് പ്രവർത്തനങ്ങൾക്ക് ഒരു മാതൃകയാണ്. കണ്ണൂർ ജില്ലാ പഞ്ചായത്ത്, മലബാർ കാൻസർ സെന്റർ, ജില്ലാമെഡിക്കൽ ഓഫീസർ, എന്നിവർ സംയുക്തമായി 2011-2014 കാലയളവിൽ കണ്ണൂർ ജില്ലയിൽ നടപ്പിലാക്കിയ ഈ പദ്ധതി വഴി 65 കാൻസർ രോഗികളെ കണ്ടെത്തുവാനും ചികിത്സ നൽകുവാനും കഴിഞ്ഞു എന്നത് ചെറിയ കാര്യമല്ല. കൂടാതെ 329 കാൻസർ സാധ്യതയുള്ള രോഗികളെ കണ്ടെത്തി പരിചരണവും തുടർ പരിചരണവും നൽകുവാൻ കഴിഞ്ഞു. ജില്ലാ പഞ്ചായത്ത് നൽകിയ സാമ്പത്തിക സഹകരണം കൊണ്ട് സൗജന്യമായാണ് ചികിത്സ നൽകിയത്.




മൂന്നിൽ ഒന്ന് അർബുദ ബാധയും തടയുവാൻ കഴിയുന്നതാണ്. പക്ഷെ രോഗ പ്രതിരോധം എന്നത് ചിലവ് കൂടിയതും ദീർഘനാളത്തെ പ്രയത്നം ആവശ്യമുള്ളതുമാണ്. പുകയില, അമിത വണ്ണം, അധിക ഭാരം, ഭക്ഷണശീലങ്ങൾ, വ്യായാമമില്ലായ്മ, മദ്യം, അണുബാധ, ചില രാസവസ്തുക്കളുടെ ഉപയോഗം, കീടനാശിനികൾ എന്നിവ അർബുദത്തിന് കാരമാകുന്നു. തുടർച്ചയായ ബോധവത്കരണ പ്രവർത്തനങ്ങൾ അർബുദപ്രതിരോധത്തിന് ആവശ്യമാണ്.സാമൂഹിക സംരംഭങ്ങൾ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്ക് കൂടുതൽ ഫലപ്രദമാണ്. പ്രാഥമിക അർബുദ പ്രതിരോധ നിയന്ത്രണപ്രവർത്തനങ്ങളുടെ ഫലം ലഭിക്കുവാൻ വർഷങ്ങൾ തന്നെയെടുക്കും ഇത്തരം പ്രവർത്തനത്തിലേയ്ക്ക് നീങ്ങുമ്പോൾ ബോധവത്ക്കരണ പ്രവർത്തനത്തിനും രോഗ നിർണ്ണയത്തിനും ഒരുപോലെ പ്രാധാന്യം നൽകേണ്ടതാണ്.

ഈ സാഹചര്യം മനസ്സിലാക്കിയാണ് മലബാർ കാൻസർ സെന്ററും നീലേശ്വരം ബ്ലോക്ക് പഞ്ചായത്തും ചേർന്ന് അതിജീവനം എന്ന പേരിൽ സമഗ്ര കാൻസർ നിയന്ത്രണ പ്രതിരോധ പദ്ധതിക്ക് രൂപം നൽകിയത്.

പദ്ധതിയുടെ ഭാഗമായി പഞ്ചായത്ത് തലത്തിൽ തന്നെ അർബുദം നിർണ്ണയിക്കാൻ അർബുദ നിർണ്ണയ ക്ലിനിക്കുകൾ, ജീവിത ശൈലി പഠനം, കമ്മ്യൂണിറ്റി കാൻസർരജ്സ്ട്രി, ഇ-പാലിയേറ്റീവ് കെയർ, ചികിത്സാ - ധനസഹായ മാർഗ്ഗനിർദ്ദേശങ്ങൾ, രോഗ വിമുക്തരായവരുടെ പുനരധിവാസം തുടങ്ങിയവയാണ് അതിജീവനത്തിന്റെ പ്രധാനലക്ഷ്യങ്ങൾ

**അർബുദം നേരത്തെ കണ്ടെത്തുവാൻ സാധിച്ചാൽ താഴെ പറയുന്ന ഗുണഫലങ്ങൾ ലഭിക്കുന്നു.**

- ചികിത്സാ ചെലവ് ഗണ്യമായി കുറയ്ക്കാൻ സാധിക്കുന്നു.
- ഏതെങ്കിലും ഒരു രീതിയിലുള്ള ചികിത്സ, അതായത് സർജറിയോ, റേഡിയേഷൻ ചികിത്സയോ, കീമോതെറാപ്പിയോ മതിയാകും.
- ചികിത്സാ കാലയളവ് വളരെക്കുറച്ചു മതിയാകും
- രോഗ ചികിത്സയ്ക്കുശേഷം പൂർണ്ണ ആരോഗ്യ സ്ഥിതിയിലെത്തുന്നു.
- ചികിത്സയുടെ ഭാഗമായുള്ള ബുദ്ധിമുട്ടുകൾ കുറവായിരിക്കും.
- വളരെ വേഗത്തിൽ സാധാരണ ജീവിതം നയിക്കുവാൻ സാധിക്കുന്നു.
- ഏറ്റവും പ്രധാനം രോഗം പൂർണ്ണമായും ഭേദമാകാനുള്ള സാധ്യത വളരെകൂടുതലാണ് എന്നുള്ളത് തന്നെയാണ്.

മാർഗ്ഗം

# അർബുദ രോഗ പരിചരണത്തിന് പുത്തൻ സാങ്കേതിക സംവിധാനങ്ങൾ എന്ന ആശയവുമായി എം.സി.സിയിൽ ടെക്നോസ്കാൻ-17

സാങ്കേതിക സംവിധാനങ്ങളിൽ വന്ന പുരോഗതി അർബുദ രോഗ പരിചരണത്തിനും അതുവഴി രോഗ ചികിത്സയിൽ അഭൂതപൂർവ്വമായ മാറ്റത്തിനും വഴി തെളിച്ചു. ഈ രംഗത്തുണ്ടായിക്കൊണ്ടിരിക്കുന്ന പുത്തൻ സാങ്കേതിക സംവിധാനങ്ങൾ അർബുദ രോഗ ചികിത്സയിലെ എല്ലാ മേഖലകളിലും എത്തിക്കേണ്ടത് രോഗ പരിചരണത്തിനും അർബുദ രോഗ ചികിത്സയിൽ ശരിയായ തീരുമാനങ്ങളെടുക്കുന്നതിനും വിവിധ വിഭാഗങ്ങളുടെ ഏകോപനത്തിനും വഴി തെളിക്കും. ഇക്കാര്യം മുന്നിൽകണ്ട് തലശ്ശേരി മലബാർ കാൻസർ സെന്റർ അർബുദ രോഗ പരിചരണത്തിന് പുത്തൻ സാങ്കേതിക സംവിധാനങ്ങൾ എന്ന ആശയവുമായി ടെക്നോസ്കാൻ-17 സംഘടിപ്പിക്കുകയുണ്ടായി .2017 മാർച്ച് 18 ന് എം.സി.സി സെമിനാർ ഹാളിൽ വച്ച് നടന്ന ടെക്നോസ്കാൻ -17 ഇത്തരത്തിൽ തികച്ചും വ്യത്യസ്തമായ ഒരു പരിപാടിയായിരുന്നു. വിവിധ അർബുദ രോഗങ്ങളുടെ പരിശോധന, ചികിത്സ, ഗവേഷണം, പുത്തൻ സാങ്കേതിത സംവിധാനങ്ങൾ എന്നീ വിഷയങ്ങളെ ആസ്പദമാക്കി കൊൽക്കത്ത റ്റാറ്റാ മെഡിക്കൽ സെന്ററിലെ ഡോ. നീരജ് അറോറ, കോഴിക്കോട് എം.വി.ആർ കാൻസർ സെന്ററിലെ ഡോ. ദിനേശ് എം, മുംബൈ ടാറ്റാ മെമ്മോറിയൽ ഹോസ്പിറ്റലിലെ ഡോ.ജോർജ് കരിമുണ്ടക്കൽ, ചെന്നൈ അപ്പോളോ ഹോസ്പിറ്റലിലെ ഡോ. മഹാദേവ്, പി.കെ. തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ ഡോ. ചന്ദ്ര മോഹൻ, ഡോ. സുരേഷ് വെങ്കടാചലം, കൊച്ചി ആസ്റ്റർ മെഡിസിറ്റിയിലെ ഡോ. ദീപക് വർമ്മ, എൻ കെയർ സൊലൂഷൻസിലെ ഡോ. നെടും ചേഴിയൻ, കോഴിക്കോട് ആസ്റ്റർ മിംസിലെ ഡോ. പ്രശാന്ത് പരമേശ്വരൻ, ബാംഗ്ലൂർ എച് സി ജി കാൻസർ സെന്ററിലെ ഡോ. രാധ ശ്യം നായിക്, ഗ്ലോബൽ മെഡിക്കൽ സൊല്യൂഷൻസിലെ ഡോ.ഗംഗാധരൻ കെ.വി, ഇല്യൂമിന സിങ്കപ്പൂരിലെ ഡോ. പ്രീതി, ജി.ഇ ഇല്ക്ട്രോണിക്സിലെ ശ്രീ.ആർ.കെ.സുന്ദർ, തോഷിബ മെഡിക്കൽ സൊല്യൂഷനിലെ ശ്രീ.എസ് കാർത്തികേയൻ, ശ്രീ. ആർ രാധാകൃഷ്ണൻ, എം.സി.സി സർജിക്കൽ ഓങ്കോളജി വിഭാഗം മേധാവി ഡോ. സജിത് ബാബു, ഇമേജിയോളജി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസർ ഡോ.സതീഷ് ബാബു എന്നിവർ ക്ലാസ്സുകളെടുത്തു. വിവിധ വിഷയങ്ങളെക്കുറിച്ചുള്ള പോസ്റ്റർ പ്രദർശനവും, വിവിധ ഉപകരണങ്ങളുടേയും പുത്തൻ കണ്ടുപിടുത്തങ്ങളുടേയും പ്രദർശന സ്റ്റാളുകളും ഒരുക്കിയിരുന്നു.

## ലോക അർബുദ ദിനം

2017 ഫെബ്രുവരി 4- ലോക അർബുദ ദിനം. മലബാർ കാൻസർ സെന്ററിന്റെ ഓങ്കോളജി നഴ്സിംഗ് വിഭാഗം ഇതിനോടനുബന്ധിച്ച് രോഗികൾക്കും കൂട്ടിരിപ്പുകാരക്കും ഒരു ക്ലാസ്സ് നടത്തി. കാസർഗോഡ് സിമെറ്റ് നഴ്സിംഗ് കോളേജിലെ വിദ്യാർത്ഥികൾ പുകവലിയും മദ്യപാനവും എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ലഘു നാടകം അവതരിപ്പിച്ചു. അർബുദ രോഗത്തിന്റെ വിവിധ വശങ്ങളെക്കുറിച്ച് നഴ്സസും നഴ്സിംഗ് വിദ്യാർത്ഥികളും രോഗികൾക്കും കൂട്ടിരിപ്പുകാരക്കും അവരുടെ അറിവുകൾ പകർന്നുകൊടുത്തു. രോഗികളുടെ സംശയങ്ങൾക്ക് മറുപടിയും നൽകി. ഭക്ഷണക്രമം, കീമോതെറാപ്പി, റേഡിയേഷൻ ഇവ എടുക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, അണുബാധ തടയുന്നതിനുവേണ്ട കാര്യങ്ങൾ, രോഗം പ്രാരംഭ ദിശയിൽ കാണുന്നതിനുള്ള മാർഗ്ഗങ്ങൾ ഇവയെല്ലാം ചർച്ച ചെയ്തിരുന്നു. ഏതാണ്ട് നൂറോളം പേർ പങ്കെടുത്തു. കമ്മ്യൂണിറ്റി ഓങ്കോളജി ഡിപ്പാർട്ട്മെന്റിൽ നിന്നും വിവിധ ബോർഡുകൾ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വായിക്കുന്നതിനുവേണ്ടി പ്രദർശിപ്പിച്ചിരുന്നു. 11 -12.30 വരെ പരിപാടി നീണ്ടു.

## 2017 ജനുവരി മുതൽ മാർച്ച് വരെ തേജസ്സ് നടത്തിയ പ്രവർത്തനങ്ങൾ

16/01/2017 ന് കരിയാട് വച്ച് നടന്ന കുടുംബശ്രീ വാർഷികത്തിൽ തേജസ്സിന്റെ പ്രസിഡണ്ട് പങ്കെടുത്ത് സ്തനാർബുദം സംബന്ധിച്ച് അനുഭവം പങ്കുവെക്കുകയും ലഘു ലേഖ വിതരണം ചെയ്യുകയും ചെയ്തു.

കാൻസർ ബോധവത്ക്കരണത്തിന്റെ ഭാഗമായി 28/02/2017 ന് തലശ്ശേരി ധർമ്മടത്ത് വച്ച് ചിത്രകാരൻ എബി.എൻ. ജോസഫ് നയിക്കുന്ന ചിത്രയാത്രയിൽ തേജസ്സിന്റെ സെക്രട്ടറിയും പ്രസിഡണ്ടും ആദരിക്കപ്പെടുകയും ലഘു ലേഖകൾ വിതരണം ചെയ്യുകയും ചെയ്തു.

12/3/2017 ന് കരിയാട് പടന്നക്കരയിൽ വച്ച് നടന്ന മെഡിക്കൽ ക്യാമ്പിന്റെ ഭാഗമായി തേജസ്സിന്റെ ബുക്ക് സ്റ്റാൾ നടത്തുകയും അതോടൊപ്പം സ്തനാർബുദം സംബന്ധിച്ച ലഘു ലേഖാ വിതരണവും നടത്തി.





## സ്നേഹ സ്പർശം

കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗം ദീപിക ദിനപത്രവുമായി ചേർന്നുകൊണ്ട് നടുവിൽ, ചപ്പാരപ്പടവ് ഗ്രാമപഞ്ചായത്തുകളിൽ സ്നേഹസ്പർശം എന്ന കാൻസർ നിയന്ത്രണ പദ്ധതി തുടങ്ങി. ഇതിന്റെ ഭാഗമായി സന്നദ്ധപ്രവർത്തകർക്കുളള അർബുദരോഗ ബോധവൽക്കരണ പരിപാടിയും പരിശീലനവും പഞ്ചായത്തുകളിൽ നടത്തി.




## ലോക അർബുദ ദിനാചരണം

വിവിധ പരിപാടികൾ അർബുദ ദിനവുമായി അനുബന്ധിച്ച് നടത്തി. എക്സിബിഷനുകൾ, ബോധവൽക്കരണ പരിപാടികൾ, രോഗ നിർണ്ണയ ക്യാമ്പുകൾ സംവാദം എന്നിവ ജില്ലയുടെ വിവിധ ഭാഗങ്ങളിലായി നടത്തി.

## ആയുർ ദീപ്തം

അർബുദ രോഗ നിർണ്ണയ ക്ലിനിക്കുകൾ ജില്ലയിലെ എല്ലാ പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലും തുടങ്ങുന്നതിന്റെ ജില്ലാതല ഉദ്ഘാടനം ആരോഗ്യ മന്ത്രി കണ്ണൂർ ജില്ലാ പഞ്ചായത്തിൽ വെച്ച് നടന്ന ചടങ്ങിൽ നിർവ്വഹിച്ചു.





സമഗ്ര ആരോഗ്യനയം ഉടൻ പ്രഖ്യാപിക്കും -മന്ത്രി







## ശുഭയാത്ര

മാർച്ച് 18 ാം തീയ്യതി ജെ.സി.ഐ പാനൂരുമായി സഹകരിച്ച് ബോധവൽക്കരണം നടത്തി. പരിപാടിയുടെ ഭാഗമായി പുകയില വിരുദ്ധ സന്ദേശം ഓട്ടോറിക്ഷകളിൽ പതിപ്പിച്ചു. ആരോഗ്യമന്ത്രി ശ്രീമതി. കെ.കെ ശൈലജ ടീച്ചർ ചടങ്ങ് ഉദ്ഘാടനം ചെയ്തു.

അമൃതം










# അപ്രീസിയേഷൻ അവാർഡ്

പ്രേഷിതം



2017 ഫെബ്രുവരി 16,17,18 തീയ്യതികളിൽ പഞ്ചാബ് അമൃത്സറിൽ വച്ച് നടന്ന എന്ററോ സ്റ്റോമൽ തെറാപ്പിസ്റ്റിന്റെ വാർഷിക സമ്മേളനത്തിൽ മലബാർ കാൻസർ സെന്ററിലെ സ്റ്റാഫ് നഴ്സ് എൻ.ആർ സിന്ധുവിന് അപ്രീസിയേഷൻ അവാർഡ് ലഭിച്ചു. ഉദര ശസ്ത്രക്രിയ കഴിഞ്ഞ രോഗികൾക്ക് വരാവുന്ന ബുദ്ധിമുട്ടുകളിലൊന്നായ ബൈൽ ലീക്കേജ് സംഭരിക്കാനുതകുന്ന വൂണ്ട് മാനേജർ ബാഗ് രൂപകൽപ്പന ചെയ്തതിനാണ് അവാർഡ്.

മലബാർ കാൻസർ സെന്റർ ജനുവരിയിൽ സംഘടിപ്പിച്ച നഴ്സുമാരുടെ (Recent innovation in Nursing care, our contribution) തുടർ വിദ്യാഭ്യാസ പരിപാടിയിലും ഡോക്ടർമാരുടെ തുടർ വിദ്യാഭ്യാസ പരിപാടിയിലും പ്രസ്തുത ബാഗ് അവതരിപ്പിക്കുകയും പ്രശംസ നേടുകയും ചെയ്തിരുന്നു. തുടർന്ന് ജർമ്മനിയിൽ വച്ച് നടക്കാനിരിക്കുന്ന എന്ററോ സ്റ്റോമൽ തെറാപ്പിസ്റ്റിന്റെ ഇന്റർനാഷണൽ കോൺഫറൻസിലേയ്ക്ക് പ്രബന്ധമവതരിപ്പിക്കുന്നതിനുവേണ്ടി എം.സി.സിയുടെ ഈ വൂണ്ട് മാനേജർ ബാഗ് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.

# മലബാർ കാൻസർ സെന്റർ


## തലശ്ശേരി, കണ്ണൂർ ജില്ല, കേരളം

ഫോൺ: 0490 2355881  ഫാക്സ്: 0490 2355880 ഇ–മെയിൽ: mcctly@gmail.com  വെബ്: www.mcc.kerala.gov.in





**Chief Editor:** Dr. B.Satheesan, Director, MCC I **Editorial Team:** Dr. Saina Sunilkumar, Bindu T, Harish Babu, Sobhith V K, Sheena E, **Design & Layout:** Co-op. Press, Kannur-2 I **Printed and Published by** Malabar Cancer Centre, Moozhikkara P.O, Thalassery, Kannur District, Kerala, India-670103. Phone: 0490 2355 881 I Fax: 0490 2355880 I Web: www.mcc.kerala.gov.in I For private circulation only.
**Printed at** Co-operative Press, Kannur-2 Ph: 0497-2707208, 2704648 presskannur@gmail.com